ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 27.03.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. 2025 ലെ ധനകാര്യ ബില്ലും ധനവിനിയോഗ ബില്ലും കേന്ദ്രമന്ത്രി നിർമലാ സീതാരാമൻ രാജ്യസഭയിൽ അവതരിപ്പിച്ചു.

   **Union Minister Nirmala Sitharaman introduced the Finance Bill and Appropriation Bill for 2025 in the Rajya Sabha.**

2. ഓൺലൈൻ പ്ലാറ്റ്ഫോമുകളുടെ മാതൃകയിൽ കേന്ദ്ര സർക്കാർ 'സഹകരണ' ടാക്സി ആരംഭിക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ

   **Union Home Minister Amit Shah said that the central government will start 'Sahakaran**

3. മെഡിക്കൽ ഓക്സിജൻ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറത്തിറക്കി

   **The Union Ministry of Health and Family Welfare has issued guidelines on handling medical oxygen**

4. രാജ്യത്തെ കർഷകരുടെ ഉന്നമനത്തിനായി സർക്കാർ പ്രതിജ്ഞാബദ്ധമെന്ന് കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ.

**Union Minister Shivraj Singh Chouhan said that the government is committed to the upliftment of the country's farmers.**

5. വയനാട് മുണ്ടക്കൈ- ചൂരൽമലയിൽ മാതൃകാ ടൗൺഷിപ്പിൻറെ ശിലാസ്ഥാപനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു. പുനരധിവാസത്തിനായി അസാധാരണ ഇടപെടലാണ് സർക്കാർ നടത്തുന്നതെന്ന് മുഖ്യമന്ത്രി.

**Chief Minister Pinarayi Vijayan laid the foundation stone of a model township in Mundakai-Churalmala, Wayanad. The Chief Minister said that the government is making extraordinary interventions for rehabilitation.**

6. ഖേലോ ഇന്ത്യ പാരാ ഗെയിംസിന് ഡൽഹിയിൽ സമാപനം. ഐപിഎലിൽ ഹൈദരാബാദിനെതിരെ ലഖ്നൗ ഫീൽഡിംഗ് തെരഞ്ഞെടുത്തു.

**The Khelo India Para Games concluded in Delhi. Lucknow elected to field against Hyderabad in the IPL.**

&&&&&&&&&&&&&&&&&&&

**RS-FINANCE BILL**

2025 ലെ ധനകാര്യ ബിൽ, ധനവിനിയോഗ ബിൽ നമ്പർ മൂന്ന് എന്നിവ കേന്ദ്രമന്ത്രി നിർമലാ സീതാരാമൻ രാജ്യസഭയിൽ അവതരിപ്പിച്ചു. ധനകാര്യ ബിൽ ഇതിനകം ലോക്സഭ പാസാക്കിയിരുന്നു. രാജ്യത്ത് തൊഴിലില്ലായ്മ

നിരക്കും, വിദ്യാഭ്യാസ, ആരോഗ്യ, ഭക്ഷ്യ മേഖലകളിലെ പണപ്പെരുപ്പവും വർദ്ധിച്ചതായി ബില്ലിന്മേലുള്ള ചർച്ചയ്ക്ക് തുടക്കമിട്ട കോൺഗ്രസ് എംപി പി ചിദംബരം പറഞ്ഞു. ദശലക്ഷക്കണക്കിന് യുവാക്കളെ നൈപുണ്യം നേടുന്നതിൽ നരേന്ദ്ര മോദി സർക്കാർ വിജയിച്ചിട്ടുണ്ടെന്ന് എൻസിപിയുടെ പ്രഫുൽ പട്ടേൽ ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&&&&

## LS-IMMIGRATION BILL

2025 ലെ ഇമിഗ്രേഷൻ ആൻഡ് ഫോറിനേഴ്സ് ബില്ല് ലോക്സഭയിൽ ചർച്ചയ്ക്കെടുത്തു. ബിൽ ഭരണഘടനാ വിരുദ്ധമാണെന്ന് ചർച്ചയ്ക്ക് തുടക്കമിട്ട കോൺഗ്രസ് എംപി മനീഷ് തിവാരി ആരോപിച്ചു. കൂടുതൽ പരിശോധനയ്ക്കായി ബിൽ സംയുക്ത പാർലമെന്ററി കമ്മിറ്റിക്ക് അയയ്ക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. അതേസമയം, രാജ്യത്തിന്റെ സുരക്ഷ ഉദ്ദേശിച്ചുള്ള ബിൽ, കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് ബിജെപി എംപി അപരാജിത സാരംഗി മറുപടി നൽകി. രാജ്യത്തെ ഇമിഗ്രേഷൻ നിയമങ്ങൾ ആധുനികവൽക്കരിക്കാൻ ലക്ഷ്യമിട്ടുള്ളതാണ് ഇമിഗ്രേഷൻ ആൻഡ് ഫോറിനേഴ്സ് ബിൽ.

&&&&&&&&&&&&&&&&&&

## LS-COOPERATIVE TAXI-INTRO

ഓൺലൈൻ പ്ലാറ്റ്ഫോമുകളായ ഉബറിന്റെയും ഓലയുടെയും മാതൃകയിൽ കേന്ദ്ര ഗവണ്മെന്റ് 'സഹകരണ' ടാക്സി സംവിധാനം ആരംഭിക്കുമെന്ന് കേന്ദ്ര ആഭ്യന്തര-സഹകരണ

മന്ത്രി അമിത് ഷാ പ്രഖ്യാപിച്ചു. സഹകർ സേ സമൃദ്ധി പദ്ധതിയുമായി പൊരുത്തപ്പെടുന്നതായിരിക്കും ഈ സംവിധാനമെന്ന് ലോക്‌സഭയിൽ നടന്ന ഒരു ചർച്ചയ്ക്കിടെ അദ്ദേഹം പറഞ്ഞു.

ഏതാനും മാസങ്ങൾക്കുള്ളിൽ, വിപുലമായ രീതിയിൽ സഹകരണ ടാക്സി സേവനം ആരംഭിക്കുമെന്നും, അതിൽ ഇരുചക്ര വാഹനങ്ങൾ, ടാക്സികൾ, റിക്ഷകൾ, ഫോർ വീലറുകൾ എന്നിവയുടെ രജിസ്ട്രേഷൻ സാധ്യമാകുമെന്നും, ലാഭം നേരിട്ട് ഡ്രൈവർമാർക്ക് ലഭ്യമാക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. രാജ്യത്തെ സഹകരണ സംവിധാനത്തിനുള്ളിൽ ഒരു സഹകരണ ഇൻഷുറൻസ് കമ്പനി ഉടൻ രൂപീകരിക്കുമെന്നും അദ്ദേഹം അറിയിച്ചു. (വോയിസ്)

&&&&&&&&&&&&&&&&&&

**HEALTH MINISTRY–OXYGEN MANAGEMENT**

മെഡിക്കൽ ഓക്സിജൻ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച ദേശീയ മാർഗനിർദ്ദേശങ്ങൾ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറത്തിറക്കി. ന്യൂഡൽഹിയിലെ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ നടന്ന ശില്പശാലയിലാണ് മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചത്. രാജ്യത്തെ മെഡിക്കൽ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും ആരോഗ്യ സംരക്ഷണ മേഖലകളിലുടനീളം ഏകീകൃത ഓക്സിജൻ മാനേജ്മെന്റിന്റെ മികച്ച രീതികൾ ഉറപ്പാക്കുകയും ചെയ്യുന്നതിനുമുള്ള സുപ്രധാന ചുവടുവയ്പ്പാണിത്.

&&&&&&&&&&&&&&&&&&

## DEFENCE-PROCUREMENTS

ആന്റി- ടാങ്ക് ആയുധ പ്ലാറ്റ്ഫോമായ നാഗ് മിസൈൽ സിസ്റ്റം, 5,000 ലൈറ്റ് വാഹനങ്ങൾ എന്നിവ വാങ്ങുന്നതിനായി 2,500 കോടി രൂപയുടെ കരാറിൽ പ്രതിരോധ മന്ത്രാലയം ഒപ്പുവച്ചു. നാമിസിന്റെയും ലൈറ്റ് വാഹനങ്ങളുടെയും സംഭരണം തദ്ദേശീയവൽക്കരണവും ദേശീയ പ്രതിരോധ ഉപകരണ നിർമ്മാണ ശേഷിയും വർദ്ധിപ്പിക്കുമെന്ന് മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. വിവിധ ഘടകങ്ങളുടെ നിർമ്മാണത്തിലൂടെ എംഎസ്എംഇ മേഖലയെ പ്രോത്സാഹിപ്പിക്കുകയും നേരിട്ടും അല്ലാതെയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും. ന്യൂഡൽഹിയിൽ പ്രതിരോധ സെക്രട്ടറി രാജേഷ് കുമാർ സിങ്ങിന്റെ സാന്നിധ്യത്തിലാണ് കരാറുകൾ ഒപ്പുവെച്ചത്.

&&&&&&&&&&&&&&&&&&

## SHIVRAJ- MSP DIRECTION

രാജ്യത്തെ കർഷകരുടെ ഉന്നമനത്തിനായി പൂർണ്ണ പ്രതിബദ്ധതയോടെയാണ് സർക്കാർ പ്രവർത്തിക്കുന്നതെന്ന് കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. മിനിമം താങ്ങുവില നൽകി കർഷകരിൽ നിന്ന് ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. ആന്ധ്രപ്രദേശ്, ഗുജറാത്ത്, കർണാടക, മഹാരാഷ്ട്ര, തെലങ്കാന എന്നിവിടങ്ങളിൽ ഇത്തരത്തിൽ സംഭരണം തുടരുന്നുണ്ടെന്ന് ശ്രീ ചൗഹാൻ അറിയിച്ചു. അതേസമയം, കർഷകർക്ക് മിനിമം താങ്ങുവില ലഭിക്കുന്നുണ്ടെന്ന്

സംസ്ഥാനസർക്കാരുകൾ ഉറപ്പുവരുത്തണമെന്ന് കേന്ദ്രമന്ത്രി നിർദേശം നൽകി.

&&&&&&&&&&&&&&&&&&

**ASWINI VAISHNAV**

ഇന്ത്യ ലോകത്തിലെ രണ്ടാമത്തെ വലിയ 5G വിപണിയായി മാറിയെന്ന് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ്. ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ഒരു പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഈ വർഷം രാജ്യം ആദ്യത്തെ 'മെയ്ഡ് ഇൻ ഇന്ത്യ' ചിപ്പ് പുറത്തിറക്കാൻ പദ്ധതിയിടുന്നതായും കേന്ദ്രമന്ത്രി പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&&

**LS-AIR TICKET**

രാജ്യത്തെ വിമാന ടിക്കറ്റുകളുടെ നിരക്ക് പരിശോധനയുമായി ബന്ധപ്പെട്ട് വ്യോമയാന ഇന്ധനത്തിന്റെ മൂല്യവർധിത നികുതി കുറയ്ക്കാൻ കേന്ദ്രം സംസ്ഥാനങ്ങളോടാവശ്യപ്പെട്ടു. വിമാന ടിക്കറ്റ് നിരക്കിന്റെ 45 ശതമാനം വ്യോമയാന ഇന്ധനത്തിന് നൽകണമെന്നും ചില സംസ്ഥാനങ്ങൾ ഇന്ധനത്തിന് 29 ശതമാനം വാറ്റ് ഈടാക്കുന്നുണ്ടെന്നും വ്യോമയാന മന്ത്രി കെ. റാംമോഹൻ നായിഡു ചോദ്യോത്തരവേളയിൽ ലോക്സഭയെ അറിയിച്ചു.

&&&&&&&&&&&&&&&&&&

**PM-HARICHAND THAKUR**

സാമൂഹ്യ പരിഷ്കർത്താവായിരുന്ന ശ്രീ ശ്രീ ഹരിചന്ദ് താക്കൂറിന്റെ ജന്മദിനമായ ഇന്ന് പ്രധാനമന്ത്രി നരേന്ദ്ര

മോദി അദ്ദേഹത്തിന് ശ്രദ്ധാഞ്ജലി അർപ്പിച്ചു. പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഉന്നമനത്തിനും സമത്വം, കാരുണ്യം, നീതി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ശ്രീ താക്കൂറിന്റെ ശ്രമങ്ങളെ അഭിനന്ദിച്ച പ്രധാനമന്ത്രി, 2025 ലെ മതുവ ധർമ്മ മഹാമേളയ്ക്ക് ആശംസകൾ നേർന്നു.

&&&&&&&&&&&&&&&&&&

## CM-WAYANAD -INTRO

വയനാട് മുണ്ടക്കൈ- ചൂരൽമല ഉരുൾപൊട്ടൽ ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനുള്ള മാതൃകാ ടൗൺഷിപ്പിൻറെ ശിലാസ്ഥാപനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിച്ചു. കേരളത്തിൻറെ ഒരുമയുടെ കരുത്താണിതെന്നും എല്ലാ ഇടങ്ങളിൽ നിന്നുമുള്ള സഹായങ്ങളെ ഏകോപിപ്പിച്ചുള്ള ഇടപെടലാണ് പുനരധിവാസത്തിനായി സംസ്ഥാന സർക്കാർ നടത്തുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്)

പുനരധിവാസത്തിനുള്ള കേന്ദ്രസഹായത്തിൻറെ കാര്യത്തിൽ ഇതുവരെ വ്യക്തതയില്ലെന്നും, ധനസഹായത്തിന് പകരം വായ്പയാണ് കേന്ദ്രം അനുവദിച്ചതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

എൽസ്റ്റൺ എസ്റ്റേറ്റിലെ 64 ഹെക്ടർ ഭൂമിയിൽ ഏഴ് സെൻറ് വീതമുള്ള പ്ലോട്ടുകളിൽ, ആയിരം ചതുരശ്രയടി വിസ്തീർണത്തിലാണ് വീടുകൾ നിർമിക്കുക.

&&&&&&&&&&&&&&&&&&

## KHELO INDIA – CLOSING CEREMONY

ഡൽഹിയിൽ നടന്ന ഖേലോ ഇന്ത്യ പാരാ ഗെയിംസിന് സമാപനം. കഴിഞ്ഞ എട്ട് ദിവസങ്ങളിലായി നടന്ന ചാമ്പ്യൻഷിപ്പിൽ ആർച്ചറി, അത്‌ലറ്റിക്സ്, ബാഡ്മിന്റൺ, പവർലിഫ്റ്റിംഗ്, ഷൂട്ടിംഗ്, ടേബിൾ ടെന്നീസ് എന്നിങ്ങനെ ആറ് ഇനങ്ങളിലായി 1,300-ലധികം പാരാ-അത്‌ലറ്റുകൾ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## IPL

ഐപിഎൽ ക്രിക്കറ്റിൽ സൺറൈസേഴ്സ് ഹൈദരാബാദിനെതിരെ ടോസ് നേടിയ ലഖ്നൗ സൂപ്പർ ജയന്റ്സ് ഫീൽഡിംഗ് തെരഞ്ഞെടുത്തു. ഹൈദരാബാദിലാണ് മത്സരം.

&&&&&&&&&&&&&&&&&&

## SHAH-HURRIYAT

ഹുറിയത്തുമായി ബന്ധമുള്ള രണ്ട് സംഘങ്ങൾ കൂടി വിഘടനവാദം ഉപേക്ഷിച്ചതായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ജമ്മു കശ്മീരിലെ വിഘടനവാദ ഗ്രൂപ്പുകളായ 'തഹ്രീഖി ഇസ്തെ ഖ്ലാലും' 'തഹ്രീഖ്-ഇ-ഇസ്തി ഖാമത്തും' നവ ഭാരതത്തിൽ വിശ്വാസം അർപ്പിച്ചതായി അദ്ദേഹം വ്യക്തമാക്കി. വിഘടനവാദം അന്ത്യശ്വാസം വലിക്കുകയാണെന്നും ഐക്യത്തിന്റെ വിജയം കശ്മീരിലുടനീളം പ്രതിധ്വനിക്കുന്നുണ്ടെന്നും സാമൂഹ്യ മാധ്യമപോസ്റ്റിൽ അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## CEO PRASAR BHARATI

മാധ്യമ വ്യവസായത്തിലെ സൃഷ്ടിയിലും വിതരണത്തിലും സാങ്കേതികവിദ്യ സുപ്രധാന പങ്ക് വഹിക്കുന്നതായി പ്രസാർ ഭാരതി സിഇഒ ഗൗരവ് ദ്വിവേദി. വ്യവസായരംഗത്ത് വലിയ തോതിലുള്ള ഏകീകരണവും ജനാധിപത്യവൽക്കരണവും സൃഷ്ടിക്കപ്പെടുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. മുംബൈയിൽ നടന്ന FICCI-EY M&E ഇൻഡസ്ട്രി റിപ്പോർട്ട് പ്രകാശന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വരാനിരിക്കുന്ന വേവ്സ് ഉച്ചകോടിയിൽ എല്ലാവരും പങ്കെടുക്കണമെന്നും ശ്രീ ദ്വിവേദി അഭ്യർത്ഥിച്ചു.

&&&&&&&&&&&&&&&&&&

**SIVANKUTTY**

കേരളത്തിൽ 2026-27 അധ്യയന വർഷം മുതൽ ഒന്നാം ക്ലാസ് പ്രവേശന പ്രായം ആറുവയസായിരിക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി. നിലവിൽ പ്രവേശനം നേടുന്നതിനുള്ള പ്രായം 5 വയസാണ്. എന്നാൽ ആറു വയസിന് ശേഷമാണ് കുട്ടികൾ വിദ്യാഭ്യാസത്തിനായി സജ്ജരാകുന്നതെന്നാണ് ശാസ്ത്രീയ പഠനങ്ങൾ സൂചിപ്പിക്കുന്നതെന്ന് മന്ത്രി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഈ വർഷം എട്ടാം ക്ലാസ്സിൽ നടപ്പിലാക്കിയ സബ്ജക്ട് മിനിമം അടുത്ത അധ്യയന വർഷം ഒൻപതാം ക്ലാസ്സിലും കൂടി നടപ്പാക്കുമെന്നും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

**REDDY-COAL AUCTION**

രാജ്യത്തെ കൽക്കരി ഉൽപാദനം ഈ സാമ്പത്തിക വർഷത്തിൽ ഒരു ബില്യൺ ടൺ കടന്നതായി കേന്ദ്രമന്ത്രി മന്ത്രി ജി. കിഷൻ റെഡ്ഡി. ആഗോളതലത്തിൽ രണ്ടാമത്തെ വലിയ കൽക്കരി ഉൽപ്പാദകരും ഉപഭോക്താവുമാണ് ഇന്ത്യയെന്നും അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ ആരംഭിച്ച 12◌ാ◌ം ഘട്ട വാണിജ്യ കൽക്കരി ഖനി ലേലത്തിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി.

&&&&&&&&&&&&&&&&&&

**TN-WAQF BOARD**

കേന്ദ്രസർക്കാർ വഖഫ് ഭേദഗതി ബിൽ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് തമിഴ്നാട് സർക്കാർ പ്രമേയം പാസാക്കി. വഖഫ് നിയമത്തിലെ ഭേദഗതികൾ മൗലികാവകാശങ്ങൾക്ക് എതിരാണെന്ന് തമിഴ്നാട് മുഖ്യമന്ത്രി എം കെ സ്റ്റാലിൻ നിയമസഭയിൽ പറഞ്ഞു. ബിൽ, വഖഫ് ബോർഡിന്റെ അധികാരങ്ങളെ ദുർബലപ്പെടുത്തുന്നതാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. പ്രധാന പ്രതിപക്ഷമായ എ.ഐ.എ.ഡി.എം.കെ., പി.എം.കെ. പാർട്ടികളുടെ പിന്തുണയോടെയാണ് പ്രമേയം അവതരിപ്പിച്ചത്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&